പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3047 — 23.03.2015-ലെ മറുപടിക്ക്

## പാൽ ഉല്പാദനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് :<br>ശ്രീ.കെ.ശിവദാസൻ നായർ;<br>ശ്രീ.അൻവർ സാദത്ത്;<br>ശ്രീ.ബെന്നി ബെഹനാൻ; | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ ; | (എ) & (ബി) | സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുക വഴി പാലുല്പാദനത്തിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിച്ചുകൊണ്ട് വകുപ്പ് എം.എസ്.ഡി.പി. പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നുണ്ട്. ഡെയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി, മിൽക്കിംഗ് മെഷീൻ, കാലിത്തൊഴുത്ത് നിർമ്മാണം എന്നിവക്ക് സബ്സിഡി തുടങ്ങിയവക്ക് പുറമേ ആവശ്യാധിഷ്ഠിത ധനസഹായവും കർഷകർക്ക് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു.<br>കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവണ്മെന്റുകളുടെ ധനസഹായത്തോടു കൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>പാലിന്റെ ഉല്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റു ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോല്പാദന മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാന പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീരകർഷകർക്ക് കാലിത്തീറ്റക്ക് സബ്സിഡിയും നൽകുന്നുണ്ട്. ഈ വർഷം ഈയിനത്തിൽ ഏകദേശം 10 കോടി രൂപയോളം നൽകിയിട്ടുണ്ട്. |

തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കിടാരികളുടെ ദത്തെടുക്കൽ പദ്ധതി, കാലിത്തീറ്റ സബ്സിഡി, പശുക്കളെ വാങ്ങിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗചികിത്സാ സഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉല്പാദന വർദ്ധനവിനു വേണ്ട വിരമരുന്നും മറ്റു ഉല്പന്നങ്ങളും നൽകുക, NDP-1 പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP) Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും എറണാകുളം മേഖലാ യൂണിയൻ വേനൽക്കാല അധികവില, പശുക്കളെ വാങ്ങുന്നതിനുള്ള ലോണിന് പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിന് വേണ്ടി സാമ്പത്തിക സഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽപാത്രങ്ങളും ക്ലീനിംഗിനുള്ള രാസവസ്തുക്കളും നൽകുക, സംഘങ്ങൾക്ക് പാൽ ക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ഇൻസെന്റീവ്, സംഘങ്ങൾക്ക് ക്യാനുകൾ, സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന പരിപാടി, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, NDP-1 പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP) Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും മലബാർ മേഖലാ യൂണിയൻ കിടാരികളുടെ ദത്തെടുക്കൽ പദ്ധതി, ഉല്പാദന വർദ്ധനവിനു വേണ്ട വിരമരുന്നും മറ്റു ഉല്പന്നങ്ങളും നൽകുക, പട്ടികജാതി വനിതകൾക്കായുള്ള കിടാരി വളർത്തൽ യൂണിറ്റ്, മിനി ഡയറി യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, ബദൽ തീറ്റ വസ്തുക്കളുടെ വിതരണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ സബ്സിഡി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി, NDP-1 പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP) Village Based Milk Procurement System (VBMPS) എന്നിവ പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (സി) | പദ്ധതിയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) | നടപ്പ് സാമ്പത്തികവർഷം 1888 ലക്ഷം രൂപ എം.എസ്.ഡി.പി. പദ്ധതിയ്ക്കായി ലഭിച്ചത് ജില്ലകൾക്ക് ടാർജറ്റ് അനുസരിച്ച് വീതിച്ചു നൽകി പദ്ധതി നടപ്പാക്കി വരുന്നു. കൂടാതെ, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ എം.എസ്.ഡി.പി. പദ്ധതി ഘടകങ്ങൾ നടപ്പാക്കുന്നതിനായി ലഭിച്ച 700 ലക്ഷം രൂപ പ്രസ്തുത 2 ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പൂർത്തീകരണ ഘട്ടത്തിലാണ്. ക്ഷീരോല്പന്ന സാദ്ധ്യത കൂടുതലുള്ള ഗ്രാമങ്ങളായ എറണാകുളം ജില്ലയിലെ കുന്നുകര, കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ് തുടങ്ങിയവ തെരഞ്ഞെടുത്ത് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ സ്വന്തം ഫണ്ടുപയോഗിച്ച് ചെയ്യേണ്ട പദ്ധതികൾക്ക് യൂണിയനുകളുടെ ബഡ്ജറ്റുകളിൽ തുക വകയിരുത്തി ചെലവഴിക്കുന്നുണ്ട്. കേന്ദ്ര/സംസ്ഥാന ഗവണ്മെന്റുകളുടെ സഹായത്തോടുകൂടി ചെയ്യുന്ന പദ്ധതികൾ അനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ